A

812

# സമഗ്ര ശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണ്ണയം 2023–24

### മലയാളം

### അടിസ്ഥാനപാഠാവലി

ക്ലാസ് : 8

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം)**

**(4 X 1 = 4)**

1. "മഴയത്ത് ഉതിരുന്ന പവിഴമല്ലിപ്പൂക്കൾ മുറ്റത്തേക്കല്ല, ഉയിരിലേക്കാണു വീഴുന്നത്..."

   'പവിഴമല്ലിപ്പൂക്കൾ' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

   - പവിഴവും മല്ലിയും പൂക്കളും
   - പവിഴമല്ലിയുടെ പൂക്കൾ
   - പവിഴത്തിന്റെ മല്ലിപ്പൂക്കൾ
   - പവിഴമാകുന്ന മല്ലിപ്പൂക്കൾ

2. "കുഴിയാനയി,ലാടിൽ,
   അണ്ഡകോടിയിൽ സ്നേഹ-
   പ്പൊരുൾ തേടിന കൈയാൽ" – ഈ വരികളിൽ സൂചിപ്പിക്കുന്ന ബഷീർക്കൃതികൾ ഏതെല്ലാം?

   - ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്!, പാത്തുമ്മായുടെ ആട്
   - മതിലുകൾ, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്!
   - പാത്തുമ്മായുടെ ആട്, ശബ്ദങ്ങൾ
   - ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്!, ശബ്ദങ്ങൾ

3. "മാനുഷന്മാരുടെ മോഹങ്ങളോരോന്നേ
   ഞാനുരചെയ്യുന്നു കേൾക്ക നീ ബാലക!"

   ഇവിടെ 'ഉരചെയ്യുന്നു' എന്ന പദത്തിന്റെ അർഥമെന്ത്?

   - അറിയുന്നു
   - ആടുന്നു
   - കേൾക്കുന്നു
   - പറയുന്നു

(മറുപുറം)

4. • "വേണ്ടാ; ഞങ്ങൾക്കിരിക്കണമെന്നില്ല. ഇവിടെ വാഴയെത്രയുണ്ട്?" അവർ ചോദിച്ചു. ആ ചോദ്യത്തിനുമുമ്പിൽ ഇടിവെട്ടേൽക്കുന്നതുപോലെ വൃദ്ധൻ ഞെട്ടിപ്പോയി.

(ആ വാഴവെട്ട്)

വൃദ്ധൻ ഞെട്ടിപ്പോകാൻ കാരണമെന്ത്?

- അവിടെ വാഴകളില്ല.
- വാഴകളുടെ എണ്ണം കൃത്യമായി അറിയില്ല.
- തന്റെ ജീവനായ വാഴകളും വെട്ടേണ്ടി വരും.
- വൃദ്ധന്റെ വാഴകൾക്ക് രോഗമുണ്ട്.

5. മാതൃകപോലെ എഴുതുക

അർഥിച്ചേൻ - ഞാൻ അർഥിച്ചു

വന്ദിച്ചേൻ - ഞാൻ വന്ദിച്ചു

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ വീതം)** **(2 x 2 = 4)**

6. ഭാഷാപരമായ അഭംഗി പരിഹരിച്ച് വാക്യം മാറ്റിയെഴുതുക.

~~അധ്യാപകൻ~~ പരീക്ഷയിൽ ജയിച്ചതുകൊണ്ടാണ് ~~കുട്ടിയെ~~ അഭിനന്ദിച്ചതിനു കാരണം.

കുട്ടി അധ്യാപകൻ

7. "മിടുക്കത്തിയെൻ മെയ്യിൽ
   തളിച്ചോളട്ടേ തീർഥം!" (ബഷീർ എന്ന ബല്യ ഒന്ന്)

ഈ വരികളിലെ പ്രയോഗഭംഗി വ്യക്തമാക്കുക.

8. • അമ്മയുടെ സഹപ്രവർത്തകരായ എന്റെ അധ്യാപകരെല്ലാം ചേർന്ന് അസുഖക്കാരിയായ എനിക്കു ചുറ്റും <u>വേലികെട്ടിയിരുന്നു</u>.

• കാട്ടുമൃഗങ്ങൾ വിളവു നശിപ്പിക്കാതിരിക്കാൻ കർഷകൻ കൃഷിഭൂമിക്കുചുറ്റും <u>വേലികെട്ടിയിരുന്നു</u>.

അടിവരയിട്ട പ്രയോഗത്തിന് രണ്ടു സന്ദർഭങ്ങളിലുമുള്ള അർഥമെന്ത്? കണ്ടെത്തിയെഴുതുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(5 x 4 = 20)**

9. • "എനിക്ക് കുട്ടിക്കാലം ഈ വയസ്സാംകാലത്താണല്ലോ എന്നെനിക്കുതന്നെ ചിരിവരുന്നു; ഉപ്പു ചുവയ്ക്കുന്ന ചിരി!" (നനയാത്ത മഴ)

'ഉപ്പു ചുവയ്ക്കുന്ന ചിരി' എന്ന പ്രയോഗം കഥാകാരിയുടെ ജീവിതത്തെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? വിവരിക്കുക.

(മറുപുറം)





exam WINNER ®

10. • "എന്റെ കുപ്പായൊന്നും നന്നല്ലമ്മേ. കല്യാണത്തിന് വരുന്ന കുട്ട്യോള് കണ്ടാ പരിഹസിക്ക്ല്ല്യേ."

• "വലിയ ഒരു ഉത്തരവാദിത്വം രാമൻകുട്ടിനായർ എന്നെയാണ് ഏൽപ്പിച്ചിരുന്നത്. അമ്മ ഇത് ശ്രദ്ധിക്കുന്നുണ്ടാവില്ലേ?" (കുപ്പായം)

പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുട്ടിയുടെ മാനസികാവസ്ഥ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

11. • "മഴ നനഞ്ഞല്ല, മഴ കൊള്ളാത്തയിടത്ത് സുരക്ഷിതമായി നിന്ന് വിരലൊന്നു നീട്ടിത്തൊട്ടാണ് മഴയെ ഞാനറിഞ്ഞിരിക്കുന്നത്. ഓടിട്ട വീട്ടിലിരുന്ന് കാണണം മഴ. മഴയുടെ ചറുപിറന്നനെയുള്ള വരവ്, ഓടിന്മേൽ വീണ് തട്ടിത്തെറിച്ചുള്ള സംഗീതവിരുന്ന് എനിക്ക് പ്രിയപ്പെട്ടതാണ്." (നനയാത്ത മഴ)

വ്യത്യസ്തമായ മഴയനുഭവങ്ങൾ നിങ്ങൾക്കുമുണ്ടല്ലോ. അത്തരമൊരനുഭവം വിവരിക്കുക.

12 • "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ"

• "എന്തിന്നു പൂക്കളം? എന്തിലും മീതെയാ-
ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ." (പുതുവർഷം)

സൂചനകൾ വിശകലനം ചെയ്ത് കവയിത്രിക്ക് അമ്മയോടുള്ള ആത്മബന്ധം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

13. • "എന്നോട് അമ്മ പറഞ്ഞു, കാട്ടിൽ പോകല്ലേ, കൂട്ടുകൂടല്ലേ, മരത്തിൽ കേറല്ലേ..."

• " കുട്ടികൾക്ക് തേന്മാവ് കാണിച്ചുകൊടുക്കുകയേ ആവൂ, തേൻകനി പറിച്ചു കഴുകി, ചെത്തിപ്പൂളി തിന്നാൻ പാകത്തിനു കൊടുക്കരുത്..." (തേൻകനി)

ഇത്തരം ഉപദേശങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

14. • "ക്ലാസിൽ ഷർട്ടിടാത്ത കുട്ടികളും വരുന്നുണ്ട്. അതുകൊണ്ട് ഒരു മത്സരബുദ്ധിയോടെ ഞാൻ ആരുടെയും വേഷഭൂഷാദികളെ നോക്കിയിട്ടില്ല."

• "എനിക്ക് മൂന്നു ഷർട്ടും രണ്ടു ട്രൗസറുമാണുള്ളത്..........ഇതെല്ലാം വിലകുറഞ്ഞ തുണികൊണ്ട് തുന്നിച്ചതാണ്."

• "വീട്ടിലിരിക്കുമ്പോൾ ഇടുന്ന ഷർട്ടും ട്രൗസറും ഇത്ര നല്ലതാണെങ്കിൽ അവന്റെ പെട്ടിയിൽ ഇനി എന്തൊക്കെ ഉണ്ടാവും എന്നായിരുന്നു എന്റെ ചിന്ത." (കുപ്പായം)

സൂചനകളിൽ നിന്നും അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് ലഭിക്കുന്ന തിരിച്ചറിവുകൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)

15.

- "മനുഷ്യൻ മാത്രം ബാക്കിയാകുന്ന ഒരു സങ്കല്പത്തെയാണോ വികസനം വികസനം എന്നു വിളിക്കുന്നത്?"
- "പ്രഭോ, കഴിഞ്ഞ കൊല്ലം മുട്ടയിടാൻവന്ന മീനുകളെല്ലാം വെള്ളത്തിലെ രാസവിഷം കാരണം ചത്തുപൊന്തിയപ്പോൾ കുറേ മനുഷ്യർ വന്നുകൂടി. രാത്രിയിലാണ് തീയിട്ടത്. എന്റെ കൂട്ടുകാരെല്ലാം തീയിൽ കത്തിയെരിഞ്ഞു. ഞാൻ നോക്കിനിൽക്കേ എന്റെ പ്രിയതമനും... ജീവനോടെ."

(രണ്ടു മത്സ്യങ്ങൾ)

തന്നിട്ടുള്ള സൂചനകളും കഥയിലെ ആശയങ്ങളും ഉൾപ്പെടുത്തി 'വികസനം പരിസ്ഥിതിസൗഹൃദമാകണം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

16. "രാമൻകുട്ടിനായർ പറഞ്ഞ സ്ഥലത്തുനിന്ന് വരന്റെ സംഘം കയറുമ്പോൾ ഞാൻ കൃത്യമായി പനിനീര് തളിച്ചു. വിരുന്നുവന്ന കുട്ടികൾ എന്നെ അസൂയയോടെ നോക്കുന്നുണ്ടായിരുന്നു. ഞാൻ ശ്രദ്ധിച്ചില്ല."

(കുപ്പായം)

'കുപ്പായം' എന്ന ഓർമ്മക്കുറിപ്പ് നൽകുന്ന വായനാനുഭവം ഉൾപ്പെടുത്തി സുഹൃത്തിന് അയക്കാനുള്ള കത്ത് തയ്യാറാക്കുക.

17.

- "ഓരോ വൃക്ഷത്തെയും ഓരോ ചെടിയെയും ഞാൻ സ്നേഹിക്കുന്നു. ഞാൻ വർത്തമാനം പറഞ്ഞാൽ ചെടികൾക്കും വൃക്ഷങ്ങൾക്കും മനസ്സിലാകും എന്നുവരെ എനിക്ക് തോന്നീട്ടുണ്ട്."
- "ഞങ്ങൾ ഞങ്ങളുടെ പറമ്പിലുള്ള ഒരു ജീവിയെയും കൊല്ലാറില്ല."

(വൈക്കം മുഹമ്മദ് ബഷീർ)

'ബഷീർ എന്ന ബല്യ ഒന്ന്' എന്ന കവിതയിലെ ആശയങ്ങളും തന്നിട്ടുള്ള സൂചനകളും പ്രയോജനപ്പെടുത്തി ബഷീർ ദിനത്തിൽ അവതരിപ്പിക്കാനുള്ള അനുസ്മരണ പ്രഭാഷണം തയ്യാറാക്കുക.

exam WINNER ®